# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 1/2104/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 1/2104/2022 തീയ്യതി: 18/11/2022

## കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-06-2022 മുതൽ 25-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ഇ.വി.ഹരി ഓഡിറ്റ് ഓഫീസർ
ശ്രീ. അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീ. ബിബിൻ.ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പുലപ്പാടി ഉമ്മർ മാസ്റ്റർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബ്രിജേഷ്.എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജേഷ്.എൻ | അസി. സെക്രട്ടറി | 01-04-2021 | 16-02-2022 |
| ശ്രീ. ഗോകുൽദാസ്.ടി.എം | അസി. സെക്രട്ടറി | 16-02-2022 | 31-03-2022 |
| ശ്രീമതി.സുരഭി.കെ | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദർശന ദിലീപ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ബിജുബാൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്നി.പി.വർഗ്ഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് സാഹിർ.എം | വി.ഇ.ഒ | 01-04-2021 | 18-08-2021 |
| ശ്രീമതി.ഷേളിത.വി.ടി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആതിര | വി.ഇ.ഒ | 09-09-2021 | 31-03-2022 |
| ഡോ.ഡോളി അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.അനു.ഒ.ജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു.പി.കെ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-08-2021 |
| ശ്രീമതി. ഉഷ.വി | ഹെഡ് മിസ്ട്രസ് | 01-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Sreeja Thekkan (Audit Officer, On 02-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-11-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-7 |
| 10 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Bibin E.C. (Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Sreeja Thekkan (Audit Officer, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-9 |
| 13 | 2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല<br>Written By: Bibin E.C. (Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-10 |
| 14 | തൊഴിൽ നികുതി അപാകതകൾ<br>Written By: Bibin E.C. (Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-11 |
| 15 | റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം<br>Written By: Bibin E.C. (Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-12 |
| 16 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച് | 1-13 |

| | | |
|---|---|---|
| | Written By: Bibin E.C. (Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | |
| 17 | ഗ്രാമപഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - KURDFC ലോൺ തിരിച്ചടവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-14 |
| 18 | സ്ഥാപനത്തിന്റെ ലികിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-15 |
| 19 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രിന്റർ നാളിതു വരെ ലഭിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-16 |
| 20 | പഞ്ചായത്ത് ജീവനക്കാരുടെ യാത്രാബത്ത അനുവദിച്ചതിൽ അപാകത<br>Written By: Sreeja Thekkan (Audit Officer, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-17 |
| 21 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 30-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-18 |
| 22 | ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: E.V Hari (Audit Officer, On 30-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-19 |
| 23 | ഇ ടെണ്ടർ - ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമായില്ല.<br>Written By: E.V Hari (Audit Officer, On 30-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-20 |
| 24 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: E.V Hari (Audit Officer, On 30-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-21 |
| 25 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: E.V Hari (Audit Officer, On 30-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-22 |
| 26 | കുടിവെള്ള ടാങ്ക് വിതരണം (എസ് സി)- അപാകതകൾ<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-23 |
| 27 | പട്ടികജാതി ഉപപദ്ധതി വിഹിതം-വകമാറ്റി ചെലവഴിച്ചു<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 17-11-2022) | 1-24 |
| 28 | പാലിയേറ്റീവ് കെയർ - മരുന്ന് നാളിതുവരെ ലഭ്യമായില്ല.<br>Written By: Sreeja Thekkan (Audit Officer, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-25 |
| 29 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-26 |
| 30 | ഒരേ ആവശ്യങ്ങൾക്കായി രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കി<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-27 |
| 31 | എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-28 |
| 32 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ആർക്കേഡ് നിർമ്മാണ | 1-29 |

| | | |
|---|---|---|
| | പൂർത്തീകരണം - ലഭ്യത ഉറപ്പ വരുത്താതെ പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തി<br>Written By: E.V Hari (Audit Officer, On 30-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | |
| 33 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു<br>Written By: Anoop.K.V (Senior Grade Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-30 |
| 34 | സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം തുക തിരികെ ലഭ്യമാക്കിയില്ല<br>Written By: Sreeja Thekkan (Audit Officer, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുടിവെള്ള ടാങ്ക് വിതരണം (എസ് സി)- അപാകതകൾ<br>Written By: Anoop.K.V (Senior Grade Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Shibin K S (Auditor, On 29-10-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 31-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 02-11-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 29-10-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 18-11-2022) | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 26.03.2022 തീയതിയിലെ തീരുമാന നമ്പർ 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

തനത് വരുമാനം-ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 110 - നികുതി വരവുകൾ | 65,00,000 | 58,08,119 |
| 130 – നികുതിയിതര വരുമാനം | 60,55,000 | 21,20,336 |
| 140 – ഫീസ് & യൂസർ ചാർജസ് | 19,15,000 | 9,10,863 |
| 150 – സെയിൽ & ഹയർ ചാർജസ് | 2,61,000 | 4,09,831 |
| 170 – നിക്ഷേപത്തിൽ നിന്നുള്ള വരുമാനം | - | 56,313 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-2022 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20.08.2022(ILGMS) |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 35,87,866/-രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (Treasury Account Of JointVenture Projects) 10,00,000/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

2. വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി) എന്നിവയിലെ ചെലവ് തുക ചെലവ് പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരം | വാർഷിക കണക്ക് RP-7 പ്രകാരം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 1,79,51,715 | 1,58,68,213* |
| വികസനഫണ്ട്(എസ്.സി.പി) | 81,66,000 | 78,49,968 |

* RP-7 പ്രകാരമുള്ള വികസന ഫണ്ട് വരവ് തുക (15868213) എ.സി.ആർ. പ്രകാരമുള്ള ചെലവ് തുകയുമായി (15929293) പൊരുത്തപ്പെടുന്നില്ല.

3. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 2,63,78,109 രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 2,60,92,305 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

4. വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, പുതിയറ, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67389636105) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 16.09.2021 | 2712 |
| 19.11.2021 | 3408 |
| 06.12.2021 | 4055 |
| 18.02.2022 | 729 |
| 07.03.2022 | 1837 |

5. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Recievables For Property Tax On Non Residential Buildings (Arrear) 95,861/- രൂപയാണ്. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് 97,907/ - രൂപ ആണ്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി(നോൺറസിഡൻഷ്യൽ) അരിയർ ഇനത്തിൽ 60,266/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

6. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-45) ഷെഡ്യൂൾ പ്രകാരം Rent Recievables From Buildings ഇനത്തിൽ തൻവർഷത്തെ കളക്ഷൻ തുക 12,87,929 രൂപയാണ്. എന്നാൽ 2021-22 വാടക രജിസ്റ്റർ സംക്ഷിപ്തം പ്രകാരമുള്ള കളക്ഷൻ തുക 13,64,429 രൂപയാണ്.

7. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം Rent Recievables From Buildings ഇനത്തിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് 4,96,426/ - രൂപ ആണ്. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Rent Recievables From Buildings (Arrear) ഇനത്തിലെ കളക്ഷൻ 1,92,41/- രൂപയും 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം അരിയർ ഇനത്തിൽ 1,64,297/-

രൂപയും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 3,04,013 (4,96,426 – 1,92,413) രൂപയാണ് കുടിശ്ശികയായി കാണിക്കേണ്ടിയിരുന്നത്.

8. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-5 പ്രകാരം Loans From KURDFC ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 2,41,82,859 രൂപയാണ്. എന്നാൽ ലോൺ രജിസ്റ്ററിൽ 2021-22 വർഷത്തെ സംക്ഷിപ്തം പ്രകാരം 2,15,14,859 രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്.

9. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 23,132/- രൂപയുടെ സ്റ്റോർസ് 2021-22 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ്, അൺടൈഡ് ഗ്രാന്റ് ( PFMSമുഖേന) ഇനങ്ങളിലെ വരവ് , ചെലവ് , നീക്കിയിരിപ്പ് കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ RP-7, RP-30, B-4 ഷെഡ്യൂളുകളിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

11. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

12. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,26,76,741 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,14,08,624 |
| ആകെ | 11,40,85,365 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,79,68,918 |
| നീക്കിയിരിപ്പ് | 1,61,16,447 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,64,41,227 | 1,64,41,227 | 1,59,29,293 | 5,11,934 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 85,19,280 | 85,19,280 | 78,49,968 | 6,69,312 |
| മെയിന്റനൻസ്, റോഡ് | 0 | 89,21,109 | 89,21,109 | 75,72,609 | 13,48,500 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 60,89,407 | 60,89,407 | 45,30,281 | 15,59,126 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 8,88,692 | 8,88,692 | 75,923 | 1,29,469 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്( PFMSമുഖേന) | 0 | 33,48,000 | 33,48,000 | 30,22,918 | 3,25,082 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 41,36,872 | 41,36,872 | 34,28,323 | 7,08,549 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 50,23,000 | 50,23,000 | 22,44,475 | 27,78,525 |
| ഐ.സി.ഡി.എസ് | 16,69,613 | 14,92,614 | 31,62,227 | 10,00,000 | 21,62,227 |
| എം.പി.ഫണ്ട് | 25,591 | 754 | 26,345 | 71 | 26,274 |
| സാക്ഷരത | 95,339 | 2,406 | 97,745 | - | 97,745 |

(സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ്, അൺടൈഡ് ഗ്രാന്റ് ( PFMSമുഖേന) ഇനങ്ങളിലെ വരവ് , ചെലവ് , നീക്കിയിരിപ്പ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല )

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1). ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), മെയിന്റനൻസ് (റോഡ്), മെയിന്റനൻസ് (നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 9,51,64,662 | 2,11,23,902 |
| വികസനഫണ്ട് (എസ്.സി.പി) | 5,80,80,032 | 97,12,032 |
| മെയിന്റനൻസ് (റോഡ്) | 81,44,000 | 79,44,000 |
| മെയിന്റനൻസ് (നോൺ-റോഡ്) | 1,90,77,037 | 60,27,037 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് റോഡ് ,മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 127305395 | 137 | 61432221 | 26 | 0 | 84% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 487919 | 1097142 | 1585061 | 1581386 | 3675 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 46805305 | 46805305 | 46805305 | 0 |

തൊഴിലുറപ്പ് പദ്ധതി 2021-22വർഷത്തെ വിശദാംശങ്ങൾ

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 18 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 10769 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4581 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1605 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1311 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 35% |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 378 |
| വകയിരുത്തിയ തുക | 90000000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 310 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 90000000 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 74696000 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 83,04,000 | 499 |
| വിധവാ പെൻഷൻ | 2,10,30,600 | 1347 |
| വാർദ്ധക്യകാല പെൻഷൻ | 2,76,41,600 | 2040 |
| വികലാംഗ പെൻഷൻ | 55,91,400 | 361 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14,89,200 | 98 |
| വിവാഹ ധനസഹായം | 30,000 | 1 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

മാവൂർ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | മറിയംബി, അറക്കല് തൊടുക, ചെറൂപ്പ | വിധവ പെൻഷൻ | 23.07.2021 | 16.10.2021 |
| 2 | ഡോളി തോമസ്, സ്വപ്ന മന്ദിർ, വലിയവീട്ടിൽ മിയ്യത്ത്, മാവൂർ | | 12.08.2021 | 16.10.2021 |
| 3 | ഹുസൈൻ.കെ, കരിമ്പനക്കുഴി, കണ്ണിപറമ്പ് | വാർദ്ധക്യകാല പെൻഷൻ | 12.08.2021 | 05.11.2021 |
| 4 | ഇബ്രാഹിം, | | 01.09.2021 | 05.11.2021 |

| | | | | |
|---|---|---|---|---|
| | പുതുക്കാടിച്ചാലിൽ, പാറമ്മൽ, മാവൂർ | | | |
| 5 | ഉദയമ്മാൾ, നെടുമ്പോക്കിൽ, മാവൂർ | | 14.09.2021 | 15.12.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

എ16/2019 തീയ്യതി 15-09-2019 ഉത്തരവിന്റെയടിസ്ഥാനത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് വരുന്ന മാറ്റങ്ങൾക്കനുസരിച്ച് വിവിധ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ചുമതലകൾ പുതുക്കി നൽകിയിട്ടുമുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിട്ടില്ല. 2021-22 ൽ 8-7-21, 28-10-21, 1-11-21, 7-2-22, 16-3-22 എന്നിങ്ങനെ 5 തവണ മാത്രമേ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് കൂട്ടിയിട്ടുള്ളൂ. വിവരാവകാശ രജിസ്റ്റർ,പരാതി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയതിനുശേഷമാണ് വെള്ളക്കരം അടക്കുന്നതെങ്കിലും ഇതു സംബന്ധിച്ച രജിസ്റ്റർ ഇതുവരെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടുണ്ട്. 2004-05 മുതൽ 2018-19 വരെ വിവിധ റിപ്പോർട്ടുകളിലായി 112പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു. ആയതിൽ മിക്കവയും ഓഡിറ്റ് അദാലത്തിന് മറുപടി സമർപ്പിച്ചവയാണ്.

പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 6 ക്ലാർക്ക്, 5സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി പഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന് തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി ഖ. 1-10 കാണുക

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 2021-22 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല

1. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കു ന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻ സ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ ( 31.03.2022 ) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | 2555 |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | 1663 | |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായാവശ്യ ങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 370 | |
| 2021-22 ൽ ആകെ അനുവദിക്കപ്പെട്ട 352 ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 358 | 728 |
| 2021-22 ൽ ലൈസൻസ് എടുക്കാത്ത കെട്ടിടങ്ങളുടെ എണ്ണം | | 1827 |

പഞ്ചായത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 2555 കെട്ടിടങ്ങൾ ഉണ്ട് അതിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 370 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻവർഷം 358 കെട്ടിടങ്ങൾക്കായി 352 പേർ മാത്രമാണ് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ 1827 കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടില്ല. ഈ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം ഇതുമൂലം നഷ്ടപ്പെടുന്നു.

2. എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത് ഇത് പ്രകാരമാണ് സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്, രജിസ്റ്ററിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 01 | 14 |
| 02 | 17 |
| 03 | 40 |
| 04 | 14 |
| 05 | 15 |
| 06 | 06 |
| 07 | 12 |
| 08 | 08 |
| 09 | 09 |
| 10 | 19 |
| 11 | 07 |
| 12 | 140 |
| 13 | 87 |
| 14 | 23 |
| 15 | 05 |

| | |
|---|---|
| 16 | 07 |
| 17 | 19 |
| 18 | 08 |
| ആകെ | 450 |

ട്രേഡേഴ്‌സ് ലിസ്റ്റിൽ തൻവർഷം 450 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളൂ. 25/10/2022 ലെ 01/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തൊഴിൽ നികുതിയുടെ കാര്യത്തിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ എണ്ണം 358 എന്നും, 2021-22ൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച് നല്കിയ കെട്ടിടങ്ങളുടെ എണ്ണം 2555 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുന്നതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്‌സ് രജിസ്റ്റർ തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല.

വാണിജ്യ / വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്‌സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നല്കി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ വാങ്ങിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ആവശ്യപ്പെടുകയോ ,തൊഴിലുടമകൾ അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം നികുതി റിട്ടേൺ സമർപ്പിച്ചിട്ടുമില്ല. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ, ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്, എന്നാൽ അപ്രകാരം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4. ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 66 സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 358 കെട്ടിടങ്ങൾക്കായി 352 പേർ ലൈസൻസ് എടുത്തതിന് കൂടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. വാണിജ്യ /

വ്യവസായാവശ്യ ങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 370 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിച്ച് നൽകിയ 2555 കെട്ടിടങ്ങളിൽ ബാക്കി 1827 കെട്ടിടങ്ങൾക്ക് ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടില്ല.

5. 2021-22 വർഷത്തിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കെട്ടിട ഉടമകളുടെ വാടക വരുമാനം കണക്കാക്കി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ലാത്ത സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാണ്. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനാൽ പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനം ഇതുമൂലം നഷ്ടപ്പെടുന്നു.

6. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | അരുൺ തയ്യിൽ |
| 2 | അബ്ദുൾ നാസർ സി. |
| 3 | രവീന്ദ്രൻ പി. |
| 4 | മുഹമ്മദ് അഷ്റഫ് |
| 5 | അബ്ദുൾ മുനീർ |
| 6 | ഗിരീഷ് കുമാർ സി. |
| 7 | മുഹമ്മദ് സാദത്ത് |
| 8 | എൻ. എം. മൻസൂർ |

| | |
|---|---|
| 9 | രാജേഷ് കുമാർ സി. |
| 10 | മുഹമ്മദ് ലൈസ് |
| 11 | മുഹമ്മദ് അലി കോയക്കുട്ടി എം. പി. |
| 12 | മുഹമ്മദ് റിയാസ് |
| 13 | ശിവദാസൻ |

2020-21 ഓഡിറ്റ് റിപ്പോർട്ടിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ആവശ്യപ്പെട്ടിട്ടും സനിൽ ബി. എന്ന കരാറുകാരനിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ, മറ്റു കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് (നം.12/2021-22 തിയതി. 29/10/22) മറുപടി നൽകിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്ത് വരുമാനം ആർജ്ജിച്ചിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയോ അവരിൽ നിന്നും നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും തൽസ്ഥിതി തുടരുകയാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം

മാവൂർ ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 228 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 234 റോഡുകൾ സ്ഥാപനത്തിലുണ്ട്.

| റോഡുകൾ എണ്ണം,തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 234 | 228 |
| വീതി അഞ്ച് മീറ്ററിന് മുകളിൽ | 20 | 22 |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 214 | 203 |
| വീതി ഒന്നര മീറ്ററിൽ കുറവ് | 0 | 03 |
| നീളം 1 കിലോ മീറ്ററിൽ കൂടുതൽ | 27 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |

2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം

നടത്തുമ്പോൾ അടിസ്ഥാന നികുതിക്ക്മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവയിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ട്, ആസ്തി രജിസ്റ്റർ, റോഡ് മാസ്റ്റർ എന്നിവയിലെ റോഡുകളുടെ എണ്ണത്തിൽ വ്യത്യാസം കാണുന്നു. ആസ്തി രജിസ്റ്റർ പ്രകാരം ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിലുള്ള റോഡുകൾ 214 എണ്ണവും റോഡ് മാസ്റ്റർ പ്രകാരം 203 എണ്ണവുമാണ്. ആസ്തി രജിസ്റ്റർ പ്രകാരം ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ ഇല്ലയെന്നും റോഡ് മാസ്റ്റർ പ്രകാരം 03 എണ്ണവും രേഖപ്പെടുത്തിയിരിക്കുന്നു. പരിശോധന നടത്തി റോഡുകളുടെ തരത്തിന്റെ കൃത്യത ഉറപ്പു വരുത്തിയില്ലെങ്കിൽ ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ വീതിയിൽ പ്രവേശനമുള്ള കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതിയിൽ 10 ശതമാനം ഇളവ് ലഭിച്ച് നികുതി നഷ്ടം സംഭവിക്കും. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 228 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിക്കുമ്പോൾ റോഡിന്റെ പേര് മാനുവലായി രേഖപ്പെടുത്താൻ കഴിയും. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നത്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം വർഷാ വർഷം സംഭവിക്കുന്നതിന് കാരണമാകും.

റോഡ് മാസ്റ്റർ , ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം പരിശോധിച്ച് നികുതി നിർണ്ണയത്തിലെ അപാകതകൾക്കുള്ള സാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ. (എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 04/158 | 69ച.മീ | അബ്ദുൾ കരീം, കാളമ്പലത്ത് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 09/115 | 64ച.മീ | മണി, അട്ടവാട് ലക്ഷം വീട് കോളനി. | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 10/183 | 150 ച.മീ | സബ് ഡിവിഷണൽ എൻജിനീയർ, ടെലഫോൺ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 14/63 | 75ച.മീ | ലിയാഖത്ത് അലി ഖാൻ, കളത്തിൽ | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | 14/155 A | 70ച.മീ | വേണ, പുളിയപുറത്തിമ്മൽ കച്ചേരിക്കുന്ന് | രേഖപ്പെടുത്തിയിട്ടില്ല |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.11/2021-22, തീ-29.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം പരിശോധിച്ച് അവയെ നികുതി വിധേയമാക്കി അറിയിക്കേണ്ടതാണ്.

1-14 ഗ്രാമപഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - KURDFC ലോൺ തിരിച്ചടവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

മാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് കെ.യു.ആർ.ഡി.എഫ്.സി സാമ്പത്തിക സഹായത്തോടെ നിർമ്മാണം പൂർത്തീകരിച്ച് 16.05.2019 മുതൽ പ്രവർത്തനക്ഷമമമായിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തുകയായ 6111600/- രൂപയുടെ 90% ആയ 5,50,00,440/- രൂപ ലോൺ കെ.യു.ആർ.ഡി.എഫ്.സി. അനുവദിച്ചു.

കെ.യു.ആർ.ഡി.എഫ്.സി.യുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയ 25 മുറികൾ 19/07/2017 ന് ലേലം ചെയ്യുകയും ലേലം കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലേലത്തിന്റെ ഭാഗമായി ആകെ ലേല തുകയായ 3,31,03,000/-രൂപയിൽ ഡെപ്പോസിറ്റിനത്തിൽ 15,80,500/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുകയിൽ ഇളവ് അനുവദിക്കുന്നതിനും, ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുന്നതിനും ലേലം കൊണ്ടയാളുകൾ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയ 15/10/2020 ലെ എ5 – 326/20 നമ്പർ കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഭരണസമിതിയുടെ 15/09/2020 ലെ സാധാരണ/അടിയന്തിര മീറ്റിംഗിലെ 4(1) ാം നമ്പർ തീരുമാനത്തിലും ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള ഡെപ്പോസിറ്റ് കൂടി മൂലധന നിക്ഷേപമാക്കി മാറ്റിയാണ് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്നും, ഈ ഇനത്തിൽ ഒട്ടാകെ 3,96,64,146/- രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഗ്രാമപഞ്ചായത്തിന് നിലവിലുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. കെട്ടിട മുറികളുടെ ഡെപ്പോസിറ്റ് തുക നിലവിൽ നിശ്ചയിച്ച നിരക്കിൽ നിന്ന് 50% മായി കുറയ്ക്കുന്നതിനും, 2020 ജനവരി മുതലുള്ള വാടക ഒഴിവാക്കുന്നതിനും സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഈ കത്തിന്റെ തുടർ നടപടിയായി 30/06/2022 ലെ PAN/13848/2020-C5(DP) കത്ത് മുഖേന പഞ്ചായത്ത് ഡയറക്ടർ മുൻപാകെ രേഖകൾ സഹിതം ഹാജരാകണമെന്ന് അറിയിച്ചത് പ്രകാരം 04.07.2022 ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ അഡിഷണൽ ചീഫ് സെക്രട്ടറി , തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പിന് 31/08/2022 ലെ PAN/13848 /2020-C5(DP) നമ്പർ കത്ത് പ്രകാരം ലേലം ഉറപ്പിച്ച് 15 ദിവസത്തിനകം തുക ഒടുക്കാതിരുന്നപ്പോൾ തന്നെ ലേല നിബന്ധന അനുസരിച്ച് അടച്ച തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും അതിനുശേഷം പുനർലേലം നടത്തേണ്ടതായിരുന്നു എന്ന് പരാമർശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ലേലം കൊണ്ടവർക്ക് 50 % കുറച്ചു കൊടുക്കുക എന്നുള്ളത് നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിരുദ്ധമാണെന്നും ലേലം കൊണ്ട തുകയിലും കുറവ് നൽകിയാൽ പ്രസ്തുത ലേലത്തിൽ പങ്കെടുക്കുകയും കെട്ടിട മുറി ലേലം കൊള്ളാൻ കഴിയാതെ വന്നവരുടെയും ഭാഗത്തു നിന്നു പരാതിയിമുണ്ടാകും. നിലവിൽ പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തന രഹിതമായി തുടരുന്ന സാഹചര്യത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായികൊണ്ടിരിക്കുന്നുവെന്നുള്ളതിനാലും ഡെപ്പോസിറ്റ് തുക ലേലം കൊണ്ടവരിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് കത്തിൽ പഞ്ചായത്ത് ഡയറക്ടർ രേഖപ്പെടുത്തിയിട്ടുണ്ട്.

മാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 09.06.2022ലെ A2-5480/18 കെ.യു.ആർ.ഡി.എഫ്.സി ക്ക് അയച്ച 09.06.2022ലെ A2-5480/18 കത്ത് ആകെ അനുവദിച്ച 4,07,86,319/- രൂപയിൽ മുതലും പലിശയും 31.03.2022വരെ 3,32,72,720 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.യു.ആർ.ഡി.എഫ്.സി

അയച്ച സ്റ്റേറ്റ്മെന്റ് പ്രകാരം താഴെപ്പറയുന്ന തുകയാണ് ( 3,28,22,720) 31.03.2022വരെ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുള്ളത് .

| സാമ്പത്തിക വർഷം | മുതലിലേക്ക് അടവാക്കിയത് | പലിശയിലേക്ക് അടവാക്കിയത് |
|---|---|---|
| 2017-18 | 30,40,799 | 25,23457 |
| 2018-19 | 39,01,581 | 24,36,455 |
| 2019-20 | 56,60,773 | 30,84,870 |
| 2020-21 | 28,33,160 | 27,16,746 |
| 2021-22 | 43,69,974 | 22,54,905 |
| ആകെ | 198,06,287 | 1,30,16,433 |
| | 3,28,22,720 | |

2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-5 പ്രകാരം Loans From KURDFC ഇനത്തിൽ തിരിച്ചടയ്ക്കാനുള്ളത് 2,41,82,859 രൂപയാണ്. എന്നാൽ ലോൺ രജിസ്റ്ററിൽ 2021-22 വർഷത്തെ സംക്ഷിപ്തം പ്രകാരം 2,15,14,859 രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്.

ലോൺ തിരിച്ചടവ് കണക്കുകളിലെ അപാകതൾക്ക് വിശദീകരണം നൽകേണ്ടതും ഡെപ്പോസിറ്റ് തുക ലേലം കൊണ്ടവരിൽ നിന്നും ഗഡുക്കളായി അടച്ച തീർക്കുന്നതിന് അനുമതിക്കായി സർക്കാരിലേക്ക് അയച്ചതിന്റെ പുരോഗതി അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പൂർണ തോതിൽ ലേലം ചെയ്ത് വരുമാനദായകമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 സ്ഥാപനത്തിന്റെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ

മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം ലിക്വഡിറ്റിയുള്ള ബാധ്യതകൾ (7,33,88,231.65) ലിക്വഡിറ്റിയുള്ള ആസ്തികളേക്കാൾ (2,30,35,979) കൂടുതലാണ്.

ഓഡിറ്റ് വർഷത്തെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ

| 2021-22 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് | തുക | ബാലൻസ് ഷീറ്റ് | തുക |

| ഷെഡ്യൂൾ നം | | ഷെഡ്യൂൾ നം | |
|---|---|---|---|
| B2 | 28,444 | B12 | 6,14,087 |
| B4 | 1,78,99,990 | B14 | 23,132 |
| B5 | 2,41,82,859 | B15 | 51,23,558 |
| B7 | 2,60,92,305 | B17 | 1,61,16,447 |
| B9 | 51,84,633.65 | B18 | 11,58,755 |
| ആകെ | 7,33,88,231.65 | | 2,30,35,979 |

2021-22 ൽ ഡി പി സി അംഗീകിച്ച ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയിൽ 33,16,471/- ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും, 3,40,945/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷത്തെ പദ്ധതികൾക്ക് മാത്രം വകയിരുത്തി ചെലവഴിച്ച തുകയാണ്. എന്നാൽ ഇത്രയും തുക വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിനില്ല. വസ്തുനികുതി, തൊഴിൽനികുതി, വാടക എന്നീയിനത്തിൽ തൻവർഷ കുടിശ്ശികയടക്കം 7,53,714/- രൂപ പിരിച്ചെടുക്കാനുള്ളതായി വാർഷികണക്കിലെ B - 15 ഷെഡ്യൂൾ സാക്ഷ്യപ്പെടുത്തുന്നു. ലിക്വഡിറ്റിയുള്ള ബാധ്യതകൾ ലിക്വഡിറ്റിയുള്ള ആസ്തികളേക്കാൾ കൂടുതലായതിനാൽ സ്ഥാപനത്തിന്റെ ഫണ്ട് ബാലൻസ് നെഗറ്റീവിലാണ്. അതുകൊണ്ട് തന്നെ നിർമ്മാണം പൂർത്തിയാക്കിയ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് വരുമാനം ആർജ്ജിക്കൽ, കെട്ടിട നിർമ്മാണ ക്രമവൽകരണം , കുടിശ്ശിക നികുതി പിരിവ്, കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ , തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി/ ഫീസ് /വാടക പിരിവ് ഊർജ്ജിതമാക്കി തനത് വരുമാനം വർദ്ധിപ്പിക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രിന്റർ നാളിതു വരെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/22 |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 250000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 12953+20018+101232+50878+12953 = 198034 |
| ബിൽ നം | 35/13-7-21,34/13-7-21,36/13-7-21,74/8-9-21,22/4-2-21 |

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി

തയ്യാറാക്കിയ പ്രോജക്ട് മുഖേന സർക്കാരിന്റെ Cprcs പോർട്ടൽ വഴി 3 പ്രിന്റർ,1 ലാപ്ടോപ്പ്,2 ഡെസ്ക്ടോപ്പ് എന്നിവ വാങ്ങുന്നതിന് 198043 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി കേരള സ്റ്റേറ്റ് ഐ. ടി. മിഷന് മേൽപ്രകാരം തുക കൈമാറിയെങ്കിലും 12953 രൂപ വിലയുള്ള ഒരു ലേസർ പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല. പ്രിന്റർ ലഭ്യമാവാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (15/29-10-22) മറുപടി നൽകിയിട്ടില്ല. 12953 രൂപയുടെ ലേസർ പ്രിന്റർ ലഭ്യമാക്കി അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 പഞ്ചായത്ത് ജീവനക്കാരുടെ യാത്രാബത്ത അനുവദിച്ചതിൽ അപാകത

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 11/2019 മുതൽ 03/2021 വരെയുള്ള യാത്രാബത്ത ബില്ലുകൾ പാസാക്കിയിട്ടുണ്ട്. 22-4-21 തിയ്യതിയിലെ 22100046 നമ്പർ ILGMS വൗച്ചർ മുഖേന 42795 രൂപയും , 29-3-22ലെ 22100927 നമ്പർ വൗച്ചർ മുഖേന 24480 രൂപയും ഉൾപ്പെടെ 67275 രൂപ യാത്രാബത്ത ഇനത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ 003379/22-4-21 പ്രകാരം സെക്രട്ടറിക്ക് 11/2019 മുതൽ 04/2020 വരെയുള്ള യാത്രാനത്തയിനത്തിൽ 7920 രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMSൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ് ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി.എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (8/28-10-22) മറുപടി നൽകിയിട്ടില്ല. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി.എ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 1-18 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 ) ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം.159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി

പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | ഹരിത കർമ്മസേനക്ക് വി. ജി. എഫ് | വി. ഇ. ഒ | 2,86,140 | 2,86,140 |
| 2 | അജൈവ മാലിന്യം കൊണ്ടുപോകൽ | വി. ഇ. ഒ | 9,83,780 | 8,47,564 |
| 3 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | വി. ഇ. ഒ | 2,04,900 | ഇല്ല |

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കരാർ നമ്പർ, തീയതി | നിരക്ക് / കി. ഗ്രാം ( രൂപയിൽ ) |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 8/20-21 തീയതി 1.11.2020 | 11.80 |
| 2 | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 4/21-22 തീയതി 19.2.2022 | 6.00 |

കോവിഡ് പശ്ചാത്തലത്തിൽ 2021 മാർച്ച് മാസം മുതലാണ് ഹരിത കർമ്മസേന വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരണം ആരംഭിച്ചത്. ആയതിനാൽ അതു വരെ ഉള്ള മാലിന്യങ്ങൾ ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും കൂട്ടിയിട്ടിരിക്കുകയായിരുന്നു. മേൽ പ്രകാരം കരാർ വെച്ച സ്ഥാപനങ്ങൾ വഴി നാളിതുവരെ ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | കൊണ്ടുപോയ സ്ഥാപനം | തൂക്കം (കി.ഗ്രാം) | ഇനം |
|---|---|---|---|---|
| 1 | 14.6.2021 മുതൽ 12.8.2021 വരെ | ക്ലീൻ കേരള കമ്പനി | 22,580 | തരം തിരിക്കാത്തവ |
| 1 | 21.8.2021 | ക്ലീൻ കേരള കമ്പനിക്ക് വേണ്ടി | 12,245 | തരം |

| | | | | |
|---|---|---|---|---|
| | | ഒലീന മഹിളാ സമാജം, കോഴിക്കോട് | | തിരിക്കാത്തവ |
| 2 | 19.8.2021 മുതൽ 4.9.2021 വരെ | ക്ലീൻ കേരള കമ്പനി | 26,785 | തരം തിരിക്കാത്തവ |
| 3 | 9.3.2022 മുതൽ 19.3.2022 വരെ | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 22,120 | തരം തിരിക്കാത്തവ |
| 4 | 15.10.2022 | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 7,080 | തരം തിരിക്കാത്തവ |

മേൽ പ്രകാരം കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം എടുത്തിരിക്കുന്നത് പന്തീരാങ്കാവ്, മുക്കം, കുന്ദമംഗലം, പടനിലം, രാമനാട്ടുകര എന്നിവിടങ്ങളിലെ വെയ് ബ്രിഡ്ജുകളിലാണ്. ഗ്രാമപഞ്ചായത്തിന് ഏറ്റവും അടുത്തുള്ള വെയ്ബ്രിഡ്ജിൽ നിന്നും തൂക്കം എടുക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽപ്രകാരം അജൈവ മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് നാളിതു വരെ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കൊണ്ടുപോയ സ്ഥാപനം | ആകെ തൂക്കം (കി.ഗ്രാം) | നിരക്ക് (രൂപ ) | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|---|
| 2021-22 | ക്ലീൻ കേരള കമ്പനി | 60,580 | 11.80 | 7,14,844 | 7,14,844 |
| 2021-22 | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 22,120 | 6.00 | 1,32,720 | 1,32,720 |
| 2022-23 | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് | 7,080 | 6.00 | 42,480 | തുക നൽകിയിട്ടില്ല |

ഗ്രാമപഞ്ചായത്തിൽ നിന്നും ക്ലീൻ കേരള കമ്പനി വിവിധ തീയതികളിലായി ആകെ 61,610 കി. ഗ്രാം അജൈവ മാലിന്യങ്ങൾ കൊണ്ടുപോയിട്ടുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനി ആയതിന് നൽകിയ ബില്ലിൽ ആകെ 60,580 കി. ഗ്രാം അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതായാണ് കാണിച്ചത്.

ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിക്കപ്പെട്ട അജൈവ മാലിന്യങ്ങളുടെ വിലയായി താഴെ പറയും പ്രകാരമുള്ള തുകകൾ ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ വരവായി വന്നിട്ടുണ്ട്.

| ക്രമ നമ്പർ | അക്കൗണ്ടിൽ വരവ് വന്ന തീയതി | തുക | തുക അനുവദിച്ച സ്ഥാപനം |
|---|---|---|---|
| 1 | 3.2.2021 | 4,482 | ക്ലീൻ കേരള കമ്പനി |
| 2 | 13.4.2022 | 33,730 | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് |
| 3 | 5.9.2022 | 31,697 | കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് |

ഗ്രാമപഞ്ചായത്തിൽ മേൽ പ്രകാരം നടപ്പിലാക്കിയ മാലിന്യ നിർമ്മാജന പദ്ധതികളുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പുനരുപയോഗയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് കരാറെടുത്ത ക്ലീൻ കേരള കമ്പനി, കരാറിന് വിരുദ്ധമായി ടി പ്രവൃത്തി ഒലീന മഹിളാ സമാജം, കോഴിക്കോട് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.

പുനരുപയോഗയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി, കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് എന്നീ സ്ഥാപനങ്ങളെയാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട്

സംസ്ഥാനത്തിനകത്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ഏൽപ്പിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്ന് ശേഖരിച്ച് തുക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. ഗ്രാമ പഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

ഗ്രാമപഞ്ചായത്തിൽ 28 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. 2018 ജൂൺ മാസം രൂപീകൃതമായ ഹരിത കർമ്മസേന പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നത് 2020-21 വർഷമാണ്. വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2021-22 വർഷം വി. ഇ. ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.0140/22 നമ്പർ പ്രോജക്ട് പ്രകാരം 2,57,700 രൂപയും 2022-23 വർഷം എസ്.0012/23 നമ്പർ പ്രോജക്ട് പ്രകാരം 1,43,180 രൂപയും ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ നടത്താൻ കഴിഞ്ഞെങ്കിലും ഹരിതകർമ്മസേന വേർതിരിക്കുന്ന ഉപയോഗയോഗ്യമായ വസ്തുക്കൾ വില്പന നടത്തുന്നതിലൂടെ ആർജ്ജിക്കുന്ന വരുമാനമ വർദ്ധിച്ചാലും മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ. സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്തം എന്ന നയം നടപ്പിലാക്കുന്നതിന് മാലിന്യ സംസ്കരണത്തിന് ഗ്രാമപഞ്ചായത്തിന്റെ ചെലവ് കുറച്ച് കൊണ്ടുവരുന്നതിന് ഹരിതകർമ്മസേന സ്വയം പര്യാപ്തമാകേണ്ടതുണ്ട്.

2021-22 ൽ കോവിഡ് പശ്ചാത്തലത്തിൽ വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ നടത്താൻ ഹരിത കർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. 2021-22 വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ നടത്തിയാണ് ഹരിത കർമ്മസേന അജൈവ മാലിന്യം ശേഖരിച്ചത്.

ഗ്രാമപഞ്ചായത്തിലെ 10,482 വീടുകളിൽ 3,498 എണ്ണവും 1199 സ്ഥാപനങ്ങളിൽ 98 എണ്ണവും സ്ഥിരമായി യൂസർ ഫീ നൽകുന്നവയാണ് എന്ന് കാണുന്നു. 2018 സെപ്റ്റംബർ മാസം മുതലാണ് ഹരിത കർമ്മസേന യൂസർ ഫീ പിരിക്കുവാൻ തുടങ്ങിയിട്ടുള്ളതെന്ന് ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ കാണുന്നു (യൂക്കോ ബാങ്ക്, മാവൂർ ബ്രാഞ്ച് 01730110143698 നമ്പർ അക്കൗണ്ട്). ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നതിനും പരമാവധി തുക യൂസർ ഫീ ഇനത്തിൽ സമാഹരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജന രംഗത്തെ നിലവിലെ സ്ഥിതി , സ്വീകരിക്കേണ്ട തുടർനടപടികൾ

മാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്ത് വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന രേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രേഖകളുടെ വിവരം | ഭരണ സമിതി അംഗീകാരം - തീരുമാനം നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|
| 1 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ | 1(2)/21 തീയതി 20.9.2021 | പഞ്ചായത്ത് ഡയരക്ടറുടെ PAN/7909/2022-C5 (DP) തീയതി 3.6.2022 നമ്പർ പ്രകാരം അംഗീകാരം ലഭിച്ചു |
| 2 | ഖരമാലിന്യ സംസ്കരണത്തിനുള്ള ആക്ഷൻ പ്ലാൻ | 1(1)/21 തീയതി 30.7.2021 | - |

എന്നാൽ ഗ്രാമപഞ്ചായത്തിന് മാലിന്യം ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ഉള്ള പൂർണ്ണമായ ഒരു സംവിധാനം ഒരുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്.

ഓഡിറ്റിന്റെ ഭാഗമായി 28.10.2022 ന് വി. ഇ. ഒ ശ്രീ. കെ. ടി ആഷിഖുമൊത്ത് എഫ്.എച്ച്.സി സബ് സെന്ററിനു സമീപം സ്ഥാപിച്ച എം.സി.എഫിൽ സ്ഥലപരിശോധന നടത്തി. എം.സി.എഫ് കെട്ടിടത്തിനകത്തും കോമ്പൗണ്ടിലും തരം തിരിച്ചതും അല്ലാത്തതുമായ അജൈവ മാലിന്യങ്ങൾ ചാക്കുകളിലാക്കി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. എം.സി.എഫിൽ നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. മാലിന്യ സംസ്കരണ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി എം.സി.എഫിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

2021-22 കാലയളവിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തത്, മാലിന്യം നീക്കം ചെയ്യുന്നതിലെ കാലതാമസം, എം.സി.എഫിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തത്, മറ്റ് അപാകതകൾ എന്നിവക്ക് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി 28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന്

നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-19 ശുചിത്വ മിഷൻ ഗ്രാന്റ് വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 2018 മുതൽ നാളിതു വരെ ഗ്രാമ പഞ്ചായത്തിന് ലഭിച്ച തുകയിൽ താഴെപ്പറയും പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക | സൂക്ഷിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 320100198 | Grants From Suchitwa Mission | 31,09,169 | KDCബാങ്ക്, മാവൂർ ശാഖയിലെ 100051201020020 നമ്പർ ശുചിത്വ മിഷൻ അക്കൗണ്ട് |

മേൽ പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ 31,09,169 രൂപ ലഭ്യമായ സാഹചര്യത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിനായി വകയിരുത്തിയ ശുചിത്വ മിഷൻ ഗ്രാന്റ് ചെലവഴിച്ചിട്ടില്ല.

| പ്രോജക്ട് | വകയിരുത്തിയ / ചെലവഴിച്ച ശുചിത്വ മിഷൻ ഗ്രാന്റ് | വകയിരുത്തിയ / ചെലവഴിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
|---|---|---|
| 152/21-22<br>ടേക്ക് എ ബ്രേക്ക് പദ്ധതി - ടോയ് ലറ്റ് നിർമ്മാണം | വകയിരുത്തിയ തുക – 5,34,300<br>ചെലവഴിച്ച തുക - ഇല്ല | വകയിരുത്തിയ തുക – 14,65,700<br>ചെലവഴിച്ച തുക - 6,19,362 |

കൂടാതെ വാർഷിക കണക്കിലെ ശുചിത്വ മിഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നതായും കാണുന്നു. ( B4, B17 ഷെഡ്യൂളുകൾ തമ്മിൽ )

| ഹെഡ് ഓഫ് അക്കൗണ്ട് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം |
|---|---|
| 320100198 – Grant From Suchitwa Mission | 42,63,919 |

| ഹെഡ് ഓഫ് അക്കൗണ്ട് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം |
|---|---|
| 450210102 – KDC Suchitwa Mission – | 31,09,169 |

| | |
|---|---|
| 100051201020020 നമ്പർ അക്കൗണ്ട് | |

മേൽ പ്രകാരമുള്ള വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അവയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ /തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 6/2021-22 തീയതി 28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ശുചിത്വ മിഷൻ ഡയറക്ടറുടെ 06/08/21 ലെ 951/സി2/2019/എസ്.എം കത്ത് പ്രകാരം സർക്കാർ പണം ഉപയോഗിക്കാതെ ദീർഘകാലം സൂക്ഷിക്കുന്നത് ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനമായി ധനകാര്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും, ആയതിനാൽ പദ്ധതികൾക്ക് വിനിയോഗിക്കാതെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് തുക 18% നിരക്കിലുള്ള പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിക്കണം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികൾക്ക് വിനിയോഗിക്കാതെ അവശേഷിക്കുന്ന ശുചിത്വ മിഷൻ ഫണ്ട് തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 ഇ ടെണ്ടർ - ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമായില്ല.

കരാറുകാർ ഇ ടെണ്ടർ മുഖേന പൊതു മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഓൺലൈൻ ആയി അടവാക്കിയിട്ടുള്ള ടെണ്ടർ ഫോറം വില, ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളിൽ 5 ലക്ഷത്തിന് മേൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്യുന്നതിന്റെ ഭാഗമായി, ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ സ്വീകരിക്കുന്നതിനായി സ. ഉ (എം. എസ്) 318/2013 ത.സ്വ.ഭ.വ തീയതി 28.09.2013 ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ആണ് വർഷങ്ങളായി ഈ തുകകൾ നിക്ഷേപിക്കുന്നത്. മാവൂർ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് (അക്കൗണ്ട് നം. 67387621623) പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ (ഓഡിറ്റ് തീയതി വരെ) ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു ലഭിച്ചിട്ടില്ല എന്ന് കണ്ടു. അസി. എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിച്ച ഇ ടെണ്ടർ രജിസ്റ്റർ പ്രകാരം നാളിതുവരെ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ 2,36,448 രൂപ ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 28.10.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ. ഉ. (കൈ) നം. 11/ത.സ്വ.ഭ.വ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി

വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ.(ആർ. ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. 2021-22 വർഷം ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദ വിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം.

3) ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപന രേഖ.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനു വേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതു കൊണ്ടു തന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 28.10.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്ന - പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനെയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% വും ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തു ന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവു തന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ് / ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്റ്റുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്റ്റ് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല എന്ന് വ്യക്തമാകുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതെയും ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി

28.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. എൽ. എസ്. ജി. ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി ഈ അപാകത പരിഹരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നത് ഒഴിവാക്കേണ്ടതുമാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 കുടിവെള്ള ടാങ്ക് വിതരണം (എസ് സി)- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 114/2022 ( സ്പിൽ ഓവർ 77/2021 )<br>കുടിവെള്ള ടാങ്ക് വിതരണം -എസ് സി- |
| വകയിരുത്തിയ തുക<br>ആകെ | 1) 150000 (എസ് സി പി)<br>2) 50000 ( ഗുണഭോക്തൃവിഹിതം)<br>200000/- |
| ചെലവ് തുക (2021-22)<br>ആകെ<br>ചെലവ് തുക (2022-23)<br>ആകെ മൊത്തം | 1) 150000 (എസ് സി പി)<br>2) 41112 ( ഗുണഭോക്തൃവിഹിതം)<br>191112/- (2021-22)<br>1) 16238/- (എസ് സി പി)<br>207350/- |
| ബിൽ നം/വൗച്ചർ നം/തിയ്യതി | (2021-22)<br>1)98/22.10.2021 (123338/- എസ് സി പി)<br>2)22100521/30.11.2021 (41112/- ഗുണഭോക്തൃവിഹിതം)<br>3)324/19.3.2022 (26662/- എസ് സി പി)<br>(2022-23)<br>1) 101/26.8.2022 (16238/- എസ് സി പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2020-21 വർഷത്തെ പ്രൊജക്ട് നം.77/2021 പ്രകാരം കുടിവെള്ള ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടറിൽ പങ്കെടുത്ത ഹെഡ്കോ, നിഷാർ അർഫാസ് എന്നിവർ 03.09.2020 ന് സമർപ്പിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക (3350/- രൂപ) രേഖപ്പെടുത്തിയ ഹെഡ്കോയുടെ ടെണ്ടർ ഭരണസമിതിയുടെ 07/09/2020 ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി 2021-22 ൽ 114/2022 സ്പിൽ ഓവർ ആയി പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ എ4/209/21 തിയ്യതി. 18.08.2021 ന്റെ കത്ത് മുഖേന ഹെഡ്കോയോട് ടാങ്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇൻവോയ്സ് നമ്പർ K000005/30.08.2021 പ്രകാരം 46 ടാങ്കുകളും ഇൻവോയ്സ് നമ്പർ ES00007/09.03.2022 പ്രകാരം 12 ടാങ്കുകളും ഉൾപ്പെടെ ആകെ 58 ടാങ്കുകൾ വിതരണം ചെയ്തതിന്

2021-22 ൽ 191112/- രൂപയും 2022-23 ൽ (പ്രൊജക്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല) 16238/- രൂപയും ഉൾപ്പെടെ ആകെ 207350/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഭരണസമിതി അംഗീകരിച്ച ടെണ്ടർ പ്രകാരം ടാങ്കിന്റെ വില 3350/- രൂപ നിരക്കിൽ 58 ടാങ്കുകൾക്ക് ആകെ നൽകേണ്ട തുക 194300/- രൂപയാണ്. എന്നാൽ 18% ജി.എസ്.ടി ഉൾപ്പെടെ ഒരു ടാങ്കിന് 3575/- രൂപ നിരക്കിൽ 207350/- രൂപ നൽകിയിട്ടുണ്ട്. ഇങ്ങനെ ടാങ്ക് ഒന്നിന് 225/- രൂപ (3575-3350) അധികം നൽകിയത് പ്രകാരം 58 ടാങ്കുകൾ വാങ്ങിയതിന് പഞ്ചായത്തിന് 13050/- രൂപ (225x58= 13050/- Or 207350-194300= 13050/-) യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ജി.എസ്.ടി. ഉൾപ്പെടാതെയാണോ ടെണ്ടർ വിളിച്ചതെന്ന് വ്യക്തമല്ല. എന്നാൽ ഹെഡ്കോയുടെ ഇൻവോയ്സുകളിൽ ടാങ്ക് ഒന്നിന് 3029.661/- രൂപയും ആയതിന്റെ 18% ജി.എസ്.ടി യും ഉൾപ്പെടെയാണ് ആകെ ടാങ്ക് ഒന്നിന് 3575/- രൂപ എന്ന നിരക്കിൽ ടാങ്കിന്റെ വില കാണിച്ചിരിക്കുന്നത്. ജി.എസ്.ടി. ഉൾപ്പെടാതെയാണ് ടെണ്ടർ വിളിച്ചതെങ്കിൽ ടാങ്ക് ഒന്നിന് 3350/- രൂപയും ( ഭരണസമിതി അംഗീകരിച്ച തുക) ആയതിന്റെ 18% ജി.എസ്.ടിയും ആയിരുന്നു ഇൻവോയ്സുകളിൽ രേഖപ്പെടുത്തേണ്ടിയിരുന്നത്. കൂടാതെ 3350/- രൂപയുടെ 25% തുകയായ 838/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിരിക്കുന്നത്)

2. സബ്സിഡി മാർഗ്ഗരേഖ 22/2018/തസ്വഭവ തി. 14.2.2018 പ്രകാരം ടാങ്ക് വിതരണത്തിന് പട്ടികജാതി വിഭാഗത്തിന് പരമാവധി സബ്സിഡി , യൂണിറ്റിന്റെ വിലയുടെ 75% മാത്രമാണ്. 3575/- രൂപ നിരക്കിൽ വിതരണം ചെയ്ത ടാങ്കിന്റെ പരമാവധി സബ്സിഡി തുക 2681/- രൂപയും ഗുണഭോക്തൃവിഹിതം 894/- രൂപയുമാണ്. എന്നാൽ 838/- രൂപ നിരക്കിലാണ് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിരിക്കുന്നത്. ഈ ഇനത്തിൽ 3248/- രൂപ ( 894-838= 56x58= 3248/-) കുറവുണ്ട്.

3. Beneficiary Contribution Ledger Report പ്രകാരം 2020-21 ൽ 27, 2021-22 ൽ 34 എന്നിങ്ങനെ ആകെ 61 പേർ 838/- രൂപ നിരക്കിൽ കുടിവെള്ളടാങ്ക് പദ്ധതിക്കായുള്ള ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ 58 പേർക്ക് മാത്രമാണ് ടാങ്ക് വിതരണം ചെയ്തിരിക്കുന്നത്.

4. ടാങ്കിന്റെ യൂണിറ്റ് കോസ്റ്റ് ഭരണസമിതി അംഗീകരിച്ചത് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 838/- രൂപ നിരക്കിൽ 58 ടാങ്കുകൾക്ക് ഹെഡ്കോയ്ക്ക് നൽകേണ്ടത് 48604/- രൂപയാണ്. എന്നാൽ ഈ ഇനത്തിൽ ആകെ നൽകിയിരിക്കുന്നത് 41112/- രൂപയാണ്. മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിരുന്നിട്ടും ഈ ഇനത്തിൽ ചെലവഴിക്കേണ്ട 7492/- രൂപ എസ്.സി.പി ഫണ്ടിൽ നിന്നും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്.

ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ച മൂന്ന് പേർക്ക് കുടിവെള്ള ടാങ്ക് വിതരണം ചെയ്യാത്തതിനും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി എസ്.സി.പി ഫണ്ടിൽ നിന്നും അധികതുക ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണ്. ഇൻവോയ്സ് നമ്പർ K000005/30.08.2021 പ്രകാരം ലഭ്യമാക്കിയ 46 ടാങ്കുകൾക്ക് അധികമായി നൽകിയ 10350/- രൂപയും (ബിൽ നം. 1 & 2) , ഇൻവോയ്സ് നമ്പർ ES00007/09.03.2022 പ്രകാരം ലഭ്യമാക്കിയ 12 ടാങ്കുകൾക്ക് അധികമായി നൽകിയ 2700/- രൂപയും (ബിൽ നം. 3 & 4) ഉൾപ്പെടെ ആകെ 13050/-രൂപ ( 10350 +2700) നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 പട്ടികജാതി ഉപപദ്ധതി വിഹിതം-വകമാറ്റി ചെലവഴിച്ചു

2021-22 വർഷം നടപ്പാക്കിയ താഴെ കൊടുത്ത പ്രൊജക്ടിലൂടെ ചെലവഴിച്ച പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റിയതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക (വികസന ഫണ്ട്- SCP) | ബിൽ നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|---|---|
| | | | | | ആകെ | എസ്.സി | ശതമാനം |
| 1 | അങ്കണവാടി പൂരക പോഷകാഹാര പരിപാടി(എസ്.സി) | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5,00,000/- | 1)266/25.2.22 (296386/-) | 1572 | 183 | 11.64% |

| | | | | | | | |
|---|---|---|---|---|---|---|---|
| | 79/2022 | | | 2)298/15.3.22 (203614/-) | | | |
| 2 | എസ്.എസ്.എ. വിഹിതം നൽകൽ. 55/2022 | ഹെഡ്മാസ്റ്റർ | 5,00,000/- | 132/9.11.2021 | 2452 | 466 | 19% |

29.01.18 ലെ സ.ഉ.(കൈ) 11/2018ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വക മാറ്റി ചെലവഴിക്കാനോ പാടില്ല. ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50% ൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25% ത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം. നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾ പ്രകാരം പ്രൊജക്ടിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം 25% ത്തിൽ താഴെയാണ്. ഇത്തരം സന്ദർഭത്തിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ടോ തനത് ഫണ്ടോ ആണ് വകയിരുത്തേണ്ടത്. ഗുണഭോക്താക്കളുടെ എണ്ണം നിശ്ചിത ശതമാനത്തിലും കുറവായിട്ടും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

1-25 പാലിയേറ്റീവ് കെയർ - മരുന്ന് നാളിതുവരെ ലഭ്യമായില്ല.

പ്രോജക്ട് നം-5 /2022

അടങ്കൽ -1052620 (പൊതുവിഭാഗം വികസന ഫണ്ട്)

ചെലവ്- 969233

നിർവ്വഹണം -സെക്രട്ടറി

മേൽ പ്രോജക്ട് മുഖേന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ,മരുന്നുകൾ,നഴ്സ്,ഡ്രൈവർ എന്നിവരുടെ വേതനം , ഹോംകെയർ ടീമിനുള്ള ചെലവുകൾ എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 96/18-10-21 നം ബിൽ മുഖേന 161765 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പാലിയേറ്റീവ് പാലിയേറ്റീവ് രോഗികൾക്കാവശ്യമായ മരുന്നു വാങ്ങുന്നതിനായി നൽകിയിരുന്നു. ഇതിൽ താഴെ കൊടുത്തിരിക്കുന്ന രണ്ടിനം മരുന്ന് നാളിതുവരെയും കെ.എം.എസ്സ്.സി.എല്ലിൽ നിന്നും ലഭിച്ചിട്ടില്ല. തുക കൈമാറിയതിൽ ഉപകരണങ്ങളും മരുന്നും ഓഡിറ്റ് തിയ്യതി വരെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മരുന്നിന്റെ വിവരണം | ഇൻവോയ്സ് നം/ തീയ്യതി | എണ്ണം | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 1 | Foly Catheter-14 | PRF 2486-10-21 | 250 | 17477.60 |
| 2 | Water For Inj-10 Ml | PRF 2486-10-21 | 5000 | 11256 |
| | ആകെ | | | 28733.60 |

കിടപ്പു രോഗികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ട മേൽ മരുന്നുകൾക്ക് പണം നൽകിയിട്ട് ഒരു

വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകാത്തതിനാൽ ധാരാളം പ്രയാസമനുഭവിക്കുന്നതായി പാലിയേറ്റീവ് നഴ്സ് ഓഡിറ്റിനോട് വിശദീകരിച്ചിട്ടുണ്ട്. ക്രമ നംപർ 1,2 എന്നിവ പ്രകാരം ലഭിക്കേണ്ട മരുന്നുകൾ കെ.എം.എസ്സ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (14/29-10-22) മറുപടി നൽകിയിട്ടില്ല. കെ.എം.എസ്സ്.സി.എല്ലിൽ നിന്നും 28733.60 രൂപയുടെ മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു.

1-26 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.

2021-22 വർഷം കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കും പ്രകാരം പ്രൊജക്ട് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്,നമ്പർ | 143/22 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ |
| വകയിരുത്തിയ തുക/ഫണ്ടിനം | 726620(വി.ഫണ്ട്)+4221(റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് തുക | 56612+113150+45000+81498+52560+40150+83960+4221= 477151 |
| ബിൽ നം/തീയ്യതി | 31/1-7-21,43/22-7-21,57/2-8-21,61/10-8-21,84/30-9-21,116 /29-10-21,266/24-2-22,85/30-9-21 |

കോവിഡ് 19 പടർന്നു പിടിച്ചതിന്റെ ഭാഗമായി 2019 മെയ് മുതൽ 2021 സെപ്തംബർ വരെയായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച ഡൊമിസീലിയറി കെയർ സെന്ററുകളിലേക്കും മറ്റ് കോവിഡ് കാല ചെലവുകൾക്കുമായി താഴെ കൊടുത്തിരിക്കും വിധം വ്യത്യസ്ത ഇനങ്ങളിൽ തുക ചെലവ് ചെയ്തിട്ടുണ്ട്.

| ഇനം | ചെലവ് തുക |
|---|---|
| കുടുംബശ്രീ വനിത കൂട്ടായ്മയ്ക്ക് നൽകിയ ഭക്ഷണ ചെലവ് | 75560 |
| മൊബൈൽ മെഡിക്കൽ യൂണിറ്റ് സ്റ്റാഫ് നഴ്സ്,ഹെൽത്ത് വർക്കർ,ഡോക്ടർ എന്നിവരുടെ വേതനം | 131280 |
| സൗജന്യ വാഹനം ഇന്ധനം,ഡ്രൈവർമാരുടെ വേതനം | 257690 |
| മരുന്ന്,വാക്സിനേഷൻ ചെലവുകൾ | 12621 |
| | 477151 |

മാവൂർ ഗ്രാമ പഞ്ചായത്തിന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി SDRF(State Disastress Response Fund)ൽ നിന്നും അഡ്വാൻസ് ലഭിച്ചിട്ടില്ല. 26-4-2021 ലെ സ.ഉ(സാധാ) നം 911/2021 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് SDRF(State Disastress Response Fund)ൽ നിന്നും അഡ്വാൻസ് ലഭിക്കാത്ത സന്ദർഭത്തിൽ ഇതിനായി ചെലവായ തുക റീ ഇംപേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചെലവായ തുക റീ ഇംപേഴ്സ് ചെയ്യുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാ വശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (14/29-10-22) മറുപടി നൽകിയിട്ടില്ല. ചെലവു തുക റീക്കൂപ്പ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 ഒരേ ആവശ്യങ്ങൾക്കായി രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കി

2021-22 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ട് പദ്ധതികൾ ഒരേ ആവശ്യങ്ങൾക്കു വേണ്ടിയുള്ളതാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രൊജക്റ്റിന്റെ പേര് / നമ്പർ | അടങ്കൽ | ചെലവ്/ ബിൽ നം |
|---|---|---|---|
| 1 | വളയന്നൂർ സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ 195/22 | 200000/- (മെയിന്റനൻസ് ഫണ്ട്- നോൺറോഡ്) | 199981/- ( 343/25.3.22) |
| 2 | മണക്കാട് സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ 196/22 | 400000 (മെയിന്റനൻസ് ഫണ്ട് - നോൺറോഡ് ) | 399963/- (344/25.3.22) |
| | ആകെ | 600000/- | 599944 |

രണ്ട് പദ്ധതികൾക്കായും വെവ്വേറെ ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുകയുടെ ടെണ്ടർ സമർപ്പിച്ച ഒനസ് പബ് എന്നിവരിൽ നിന്നുമാണ് മേൽ ചേർത്ത രണ്ട് പദ്ധതികൾക്കുള്ള ഫർണീച്ചറുകളും വാങ്ങിയിരിക്കുന്നത്. ഇതിന് ഭരണസമിതി 11.03.2022 ലെ 1(4) നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഒരേ ആവശ്യങ്ങൾക്കു രണ്ട് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-28 എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് ഓഫീസിൽ എഴുതി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ 25,50,100 പേജുകളുള്ള എം.ബുക്കുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഓഫീസിൽ നിന്നും ലഭിക്കുന്ന എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽത്തന്നെ എത്ര ബുക്കുകൾ ലഭിച്ചെന്നോ , ഏതെല്ലാം ബുക്കുകൾ ഏതെല്ലാം പ്രവർത്തികൾക്കാണ് നൽകിയിരിക്കുന്നതെന്നോ, എത്ര എണ്ണം നീക്കിയിരിപ്പുണ്ടെന്നോ സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസുകളിലില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത ചൂണ്ടിക്കാണിച്ചിട്ടും , നിലവിവും തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 1-29 ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ആർക്കേഡ് നിർമ്മാണ പൂർത്തീകരണം - ലഭ്യത ഉറപ്പു വരുത്താതെ പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തി

ഗ്രാമപഞ്ചായത്തിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് ആർക്കേഡ് നിർമ്മിക്കുവാൻ 2013-14 വർഷം പദ്ധതി വിഭാവനം ചെയ്യുകയും പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കുയും ചെയ്തു. ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് 11.06.2014 ലെ തീരുമാന പ്രകാരം കെ.യു.ആർ.ഡി.എഫ്.സി.യുമായി 15.12.2014 ൽ എഗ്രിമെന്റ് വെയ്ക്കുകയും കെ.യു.ആർ.ഡി.എഫ്.സി. ഈ പ്രോജക്ടിനായി 5,50,00,440/- രൂപയുടെ ലോൺ പാസ്സാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുകയായ 6,11,11,600/- രൂപയുടെ 90% ആയ 5,50,00,440/- രൂപയാണ് കെ.യു.ആർ.ഡി.എഫ്.സി. ലോൺ ആയി അനുവദിച്ചത്. നാളിതുവരെ നടത്തിയ നിർമ്മാണ പ്രവർത്തികളുടെ ഫൈനൽ ബിൽ ഇനത്തിൽ 1,36,76,970/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകാൻ അവശേഷിക്കുന്നു. ( അസിസ്റ്റന്റ് എഞ്ചിനീയർ 28.9.2022 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം) ഈ തുക നൽകുന്ന ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം താഴെപ്പറയും പ്രകാരം പ്രോജക്ട് തയ്യാറാക്കിയെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക |
|---|---|---|
| 147/21-22, പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട സമുച്ചയ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 29,44,531 – തനത് ഫണ്ട്,<br>1,98,77,035/- രൂപ – കെ.യു.ആർ.ഡി.എഫ്.സി ലോൺ<br>ആകെ - 2,28,21,566 |

ഷോപ്പിംഗ് കോംപ്ലക്സ് ആർക്കേഡിൽ അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി ഓഡിറ്റ് വർഷം താഴെപ്പറയും പ്രകാരം മറ്റൊരു പ്രോജക്ട് തയ്യാറാക്കിയെങ്കിലും ആയതും നടപ്പാക്കിയിട്ടില്ല.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക |
|---|---|---|
| 148/21-22, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 25,00,000/- രൂപ (കെ.യു.ആർ.ഡി.എഫ്.സി ലോൺ ) |

ഇതേ ആവശ്യങ്ങൾക്കായി 2022-23 ലും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ട്, കെ.യു.ആർ.ഡി.എഫ്.സി ലോൺ എന്നിവ വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക |
|---|---|---|
| എസ്.0046/22-23, പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട സമുച്ചയ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 29,44,531 – തനത് ഫണ്ട്,<br>1,98,77,035/- രൂപ – കെ.യു.ആർ.ഡി.എഫ്.സി ലോൺ<br>ആകെ - 2,28,21,566 |

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക |
|---|---|---|

| | | |
|---|---|---|
| എസ്.0054/22-23, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 25,00,000/- രൂപ ( കെ.യു.ആർ.ഡി.എഫ്.സി ലോൺ ) |

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് കമ്മിയിലാണ്. കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവിൽ 2021-22-ൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുമുണ്ട്. ഈ അവസ്ഥയിലും ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾക്കായി തനത് ഫണ്ട് വകയിരുത്തുന്നതിനും ലഭ്യത ഉറപ്പ വരുത്താതെ കെ.യു.ആർ.ഡി.എഫ്.സി ലോൺ പ്രോജക്ടുകൾക്ക് വകയിരുത്തുന്നതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/2021-22 തീയതി 29.10.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. യാഥാർത്ഥ്യ ബോധത്തോടെ പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് വരുമാനം ആർജ്ജിക്കുന്നതിനും അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം./ പേര് | 184/21-22 സുഫലം ഫലവൃക്ഷത്തൈ വിതരണം |
| അടങ്കൽ<br>ആകെ | 1. 56250/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട്)<br>2. 18750/- (ഗുണഭോക്തൃ വിഹിതം)<br>75000/- |
| ചെലവ്<br>ആകെ | 1. 45750/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട്)<br>2. 15250/- (ഗുണഭോക്തൃ വിഹിതം)<br>61000/- |
| ബിൽ നം/ തിയ്യതി | 1. 334/22.03.2022 ( 45750/-)<br>2. ലഭ്യമല്ല /23.3.2022 ( 15250/- ) |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി, വിഷരഹിത ഫലം ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പദ്ധതിയ്ക്ക് വേണ്ടി ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് - ൽ നിന്നും ബിൽ നമ്പർ 334/22.03.2022 പ്രകാരം 45750/- രൂപ ചെലവഴിച്ചിട്ടുണ്ട്. 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 103/2020/തസ്വഭവ. തി. 30.06.2020 ) പ്രകാരം ശുചിത്വം, ജലം എന്നീ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് മാത്രമേ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) ചെലഴിക്കാൻ പാടുള്ളൂ. എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

1-31 സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം തുക തിരികെ ലഭ്യമാക്കിയില്ല

2020-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള പരിശോധനയിൽ, സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ILGMSവൗച്ചർ നം/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22100176/1-7-21 | 15312 | 2020 ഡിസംബർ മുതൽ 2021 ഫെബ്രുവരി വരെ ശ്രീമതി സുബൈദ പ്രേരകിന് അനുവദിച്ച ഹോണറേറിയം. തനതു ഫണ്ടിൽ നിന്നും നൽകിയ ചെക്കിന്റെ കൈപ്പറ്റ് രസീതി ILGMS സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. |
| 22100177/1-7-21 | 17094 | 2020 ഡിസംബർ മുതൽ 2021 ഫെബ്രുവരി വരെ ശ്രീമതി വിജയകുമാരി പ്രേരകിന് അനുവദിച്ച ഹോണറേറിയം. തനതു ഫണ്ടിൽ നിന്നും നൽകിയ ചെക്കിന്റെ കൈപ്പറ്റ് രസീതി ILGMS സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. |
| 22100268/10-8-21 | 6072 | ശ്രീമതി സുബൈദ പ്രേരകിന് അനുവദിച്ച 2021 മാർച്ച് മാസത്തെ ഹോണറേറിയം. തനതു ഫണ്ടിൽ നിന്നും നൽകിയ ചെക്കിന്റെ കൈപ്പറ്റ് രസീതി ILGMS സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. |
| 22100375/20-9-21 | 6216 | ശ്രീമതി വിജയകുമാരി പ്രേരകിന് അനുവദിച്ച 2021 മാർച്ച് മാസത്തെ ഹോണറേറിയം. തനതു ഫണ്ടിൽ നിന്നും നൽകിയ ചെക്കിന്റെ കൈപ്പറ്റ് രസീതി ILGMS സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. |
| ആകെ | 44694 | |

സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയവും, മറ്റു അലവൻസുകളും നൽകുകയും, ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ലഭ്യമാക്കി തനതു ഫണ്ടിൽ വരവ് വയ്ക്കുകയുമാണ് ചെയ്യേണ്ടത്. പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ നൽകിയ 44694/- രൂപ നിലവിൽ പഞ്ചായത്തിന് തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു.

കൈപ്പറ്റ് രസീതി ILGMS സൈറ്റിൽ അപ് ലോഡ് ചെയ്യാത്തത് എന്തുകൊണ്ടാണെന്നത് വിശദീകരിക്കേണ്ടതും ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (7/28-10-22) മറുപടി നൽകിയിട്ടില്ല. ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും 44694 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള ടാങ്ക് വിതരണം (എസ് സി)- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 114/2022 ( സ്പിൽ ഓവർ 77/2021 )<br>കുടിവെള്ള ടാങ്ക് വിതരണം -എസ് സി- |
| വകയിരുത്തിയ തുക<br>ആകെ | 1) 150000 (എസ് സി പി)<br>2) 50000 ( ഗുണഭോക്തൃവിഹിതം)<br>200000/- |
| ചെലവ് തുക (2021-22)<br>ആകെ<br>ചെലവ് തുക (2022-23)<br>ആകെ മൊത്തം | 1) 150000 (എസ് സി പി)<br>2) 41112 ( ഗുണഭോക്തൃവിഹിതം)<br>191112/- (2021-22)<br>1) 16238/- (എസ് സി പി)<br>207350/- |
| ബിൽ നം/വൗച്ചർ നം/തിയ്യതി | (2021-22)<br>1)98/22.10.2021 (123338/- എസ് സി പി)<br>2)22100521/30.11.2021 (41112/- ഗുണഭോക്തൃവിഹിതം)<br>3)324/19.3.2022 (26662/- എസ് സി പി)<br>(2022-23)<br>1) 101/26.8.2022 (16238/- എസ് സി പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2020-21 വർഷത്തെ പ്രൊജക്ട് നം.77/2021 പ്രകാരം കുടിവെള്ള ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടറിൽ പങ്കെടുത്ത ഹെഡ്കോ, നിഷാർ അർഫാസ് എന്നിവർ 03.09.2020 ന് സമർപ്പിച്ച ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക (3350/- രൂപ) രേഖപ്പെടുത്തിയ ഹെഡ്കോയുടെ ടെണ്ടർ ഭരണസമിതിയുടെ 07/09/2020 ലെ 3(1) നമ്പർ

തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി 2021-22 ൽ 114/2022 സ്പിൽ ഓവർ ആയി പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ എ4/209/21 തിയ്യതി. 18.08.2021 ന്റെ കത്ത് മുഖേന ഹെഡ്കോയോട് ടാങ്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ഇൻവോയ്സ് നമ്പർ K000005/30.08.2021 പ്രകാരം 46 ടാങ്കുകളും ഇൻവോയ്സ് നമ്പർ ES00007/09.03.2022 പ്രകാരം 12 ടാങ്കുകളും ഉൾപ്പെടെ ആകെ 58 ടാങ്കുകൾ വിതരണം ചെയ്തതിന് 2021-22 ൽ 191112/- രൂപയും 2022-23 ൽ (പ്രൊജക്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല) 16238/- രൂപയും ഉൾപ്പെടെ ആകെ 207350/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഭരണസമിതി അംഗീകരിച്ച ടെണ്ടർ പ്രകാരം ടാങ്കിന്റെ വില 3350/- രൂപ നിരക്കിൽ 58 ടാങ്കുകൾക്ക് ആകെ നൽകേണ്ട തുക 194300/- രൂപയാണ്. എന്നാൽ 18% ജി.എസ്.ടി ഉൾപ്പെടെ ഒരു ടാങ്കിന് 3575/- രൂപ നിരക്കിൽ 207350/- രൂപ നൽകിയിട്ടുണ്ട്. ഇങ്ങനെ ടാങ്ക് ഒന്നിന് 225/- രൂപ (3575-3350) അധികം നൽകിയത് പ്രകാരം 58 ടാങ്കുകൾ വാങ്ങിയതിന് പഞ്ചായത്തിന് 13050/- രൂപ (225x58= 13050/- Or 207350-194300= 13050/-) യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ജി.എസ്.ടി. ഉൾപ്പെടാതെയാണോ ടെണ്ടർ വിളിച്ചതെന്ന് വ്യക്തമല്ല. എന്നാൽ ഹെഡ്കോയുടെ ഇൻവോയ്സുകളിൽ ടാങ്ക് ഒന്നിന് 3029.661/- രൂപയും ആയതിന്റെ 18% ജി.എസ്.ടി യും ഉൾപ്പെടെയാണ് ആകെ ടാങ്ക് ഒന്നിന് 3575/- രൂപ എന്ന നിരക്കിൽ ടാങ്കിന്റെ വില കാണിച്ചിരിക്കുന്നത്. ജി.എസ്.ടി. ഉൾപ്പെടാതെയാണ് ടെണ്ടർ വിളിച്ചതെങ്കിൽ ടാങ്ക് ഒന്നിന് 3350/- രൂപയും ( ഭരണസമിതി അംഗീകരിച്ച തുക) ആയതിന്റെ 18% ജി.എസ്.ടിയും ആയിരുന്നു ഇൻവോയ്സുകളിൽ രേഖപ്പെടുത്തേണ്ടിയിരുന്നത്. കൂടാതെ 3350/- രൂപയുടെ 25% തുകയായ 838/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിരിക്കുന്നത്)

2. സബ്സിഡി മാർഗ്ഗരേഖ 22/2018/തസ്വഭവ തി. 14.2.2018 പ്രകാരം ടാങ്ക് വിതരണത്തിന് പട്ടികജാതി വിഭാഗത്തിന് പരമാവധി സബ്സിഡി , യൂണിറ്റിന്റെ വിലയുടെ 75% മാത്രമാണ്. 3575/- രൂപ നിരക്കിൽ വിതരണം ചെയ്ത ടാങ്കിന്റെ പരമാവധി സബ്സിഡി തുക 2681/- രൂപയും ഗുണഭോക്തൃവിഹിതം 894/- രൂപയുമാണ്. എന്നാൽ 838/- രൂപ നിരക്കിലാണ് ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിരിക്കുന്നത്. ഈ ഇനത്തിൽ 3248/- രൂപ ( 894-838= 56x58= 3248/-) കുറവുണ്ട്.

3. Beneficiary Contribution Ledger Report പ്രകാരം 2020-21 ൽ 27, 2021-22 ൽ 34 എന്നിങ്ങനെ ആകെ 61 പേർ 838/- രൂപ നിരക്കിൽ കുടിവെള്ളടാങ്ക് പദ്ധതിക്കായുള്ള ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ 58 പേർക്ക് മാത്രമാണ് ടാങ്ക് വിതരണം ചെയ്തിരിക്കുന്നത്.

4. ടാങ്കിന്റെ യൂണിറ്റ് കോസ്റ്റ് ഭരണസമിതി അംഗീകരിച്ചത് പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 838/- രൂപ നിരക്കിൽ 58 ടാങ്കുകൾക്ക് ഹെഡ്കോയ്ക്ക് നൽകേണ്ടത് 48604/- രൂപയാണ്. എന്നാൽ ഈ ഇനത്തിൽ ആകെ നൽകിയിരിക്കുന്നത് 41112/- രൂപയാണ്. മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിരുന്നിട്ടും ഈ ഇനത്തിൽ ചെലവഴിക്കേണ്ട 7492/- രൂപ എസ്.സി.പി ഫണ്ടിൽ നിന്നും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുണ്ട്.

ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ച മൂന്ന് പേർക്ക് കുടിവെള്ള ടാങ്ക് വിതരണം ചെയ്യാത്തതിനും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി എസ്.സി.പി ഫണ്ടിൽ നിന്നും അധികതുക ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണ്. ഇൻവോയ്സ് നമ്പർ K000005/30.08.2021 പ്രകാരം ലഭ്യമാക്കിയ 46 ടാങ്കുകൾക്ക് അധികമായി നൽകിയ 10350/- രൂപയും (ബിൽ നം. 1 & 2) , ഇൻവോയ്സ് നമ്പർ ES00007/09.03.2022 പ്രകാരം ലഭ്യമാക്കിയ 12 ടാങ്കുകൾക്ക് അധികമായി നൽകിയ 2700/- രൂപയും (ബിൽ നം. 3 & 4) ഉൾപ്പെടെ ആകെ 13050/-രൂപ ( 10350 +2700) നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2021-22 | 26.10.2022, 27.10.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 55,000 | സമഗ്രനെൽകൃഷി വികസനം | 55,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,00,000 | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി(ജനറൽ) | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,18,875 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 5,18,875 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,51,932 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 5,51,932 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 40,000 | ലൈഫ് 2020 – ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം (എസ്.സി) | 40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,00,000 | ലൈഫ് മൂന്നാം ഘട്ടം- ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും ധനസഹായം(എസ്.സി) | 5,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 66,000 | സമഗ്രനെൽകൃഷി വികസനം | 66,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 4,68,475 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 4,68,475 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 21,375 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത (സ്പിൽ ഓവർ) | 21,375 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,60,000 | ലൈഫ് 2020 – ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം (എസ്.സി) | 2,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 31,90,000 | ലൈഫ് മൂന്നാം ഘട്ടം- ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും ധനസഹായം(എസ്.സി) | 31,90,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3,20,000 | ലൈഫ് 2020 ഭവന നിർമ്മാണ ധനസഹായം (ജനറൽ) | 3,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 34,75,000 | ലൈഫ് 2020 ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം(ജനറൽ) | 34,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |

(സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം , ജില്ലാ പഞ്ചായത്ത് വിഹിതം ഇനങ്ങളിലെ നീക്കിയിരിപ്പുമായി ബന്ധപ്പെട്ട കണക്കിലെ പൊരുത്തക്കേടുകൾ ഖണ്ഡിക 1-2-1 ൽ ക്രമ നമ്പർ 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് )

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കുനിയക്കടവ് അങ്കണവാടി നവീകരണം | 183/13.01.2022 | 47,038 | 47,038 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 137/11.11.2021 | 2,00,000 | 2,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഓഫീസ് കംഷോപ്പിംഗ് കോംപ്ലക്സ് -KURDFC ലോൺ | KURDFC/GP/ 164/2014 Dtd 30/07/2014 | - | 25884833 | 4369974 | 2254905 | 21514859 |
| ലൈഫ് മിഷൻ പദ്ധതി | GO(MS)68/2018/ 18/05/2018 | - | 3797334 | 1129334 | - | 2668000 |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 646/2010/ 25/02/2010 | - | 499973 | 499973 | - | - |

(KURDFC ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട കണക്കുകളിലെ പൊരുത്തക്കേടുകൾ ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് )

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 606873 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 7214 |
| ആകെ | 614087 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 614087 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ബാങ്കിന്റെ പേര് | തുക |
|---|---|
| KDC ബാങ്ക് | 1,14,087 |
| ട്രഷറി | 5,00,000 |
| ആകെ | 6,14,087 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,901/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-21 | 11,401 | ശ്രീ. സനിൽ.ബി , കോൺട്രാക്ടർ | 1210100916, തീ-17.08.2021 |
| 2019-20 | 1-21 | 3,000 | ശ്രീ. മുഹമ്മദ് സാദത്ത്.പി , കോൺട്രാക്ടർ | 1210100915, തീ-17.08.2021 |
| 2019-20 | 1-21 | 2,500 | ശ്രീ. അലവി.ഇ.എം , കോൺട്രാക്ടർ | 1210100902, തീ-16.08.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1999-00 | 40 | 2003-04 | 11.13.1.2 (പൊതു പരാമർശം) | ക്ഷീരോൽപാദന ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് പ്രവൃത്തി ക്കുന്നില്ല. | കെ.എസ്.എ.കെ.കെ.ഡി/ എസ്1/559(7)/22, തീ-12.04.2022 പ്രകാരം പരാമർശം ഒഴിവാക്കി |
| 1999-00 | 27 | 2003-04 | 11.13.7.6 (പൊതു പരാമർശം | നികുതി പിരിവിൽ അലംഭാവം | കെ.എസ്.എ.കെ.കെ.ഡി/ എസ്1/559(7)/22, തീ-12.04.2022 പ്രകാരം പരാമർശം ഒഴിവാക്കി |
| 2000-01 | 30, 31 | 2003-04 | 11.13.7.6 | നികുതി പിരിവിൽ അലംഭാവം | കെ.എസ്.എ.കെ.കെ.ഡി/ എസ്1/559(7)/22, തീ-12.04.2022 പ്രകാരം പരാമർശം ഒഴിവാക്കി |
| 2001-02 | --- | 2003-04 | 11.14 (മറ്റു പരാമർ ശങ്ങൾ) | കക്കൂസ് നിർമ്മാണം അപാകതകൾ | കെ.എസ്.എ.കെ.കെ.ഡി/ എസ്1/559(7)/22, തീ-12.04.2022 പ്രകാരം പരാമർശം ഒഴിവാക്കി |
| 1999-2000 | 39 | 2003-04 | 11.14 (മറ്റു പരാമർ ശങ്ങൾ) | ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്- അധികം നല്കിയ തുക തിരിച്ച വാങ്ങാത്തത് | തടസ്സം തുടരുന്നു |
| | 41 | 2003-04 | | വിഭവ ഭൂപടം- അപാകത | തടസ്സം തുടരുന്നു |
| | 44 | 2003-04 | | ഊർക്കടവ് തെങ്ങു കൃഷി ജലസേചന പദ്ധതി പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2002-03 | 2-1 | 2006-07 | 3.79.1(23) | നികുതി കാലഹരണപ്പെട്ടു | തടസ്സം തുടരുന്നു |
| 2002-03 | 2-2 | 2006-07 | 3.79.2.6 | ലേല തുക പിരിച്ചെടുത്തില്ല | തടസ്സം തുടരുന്നു |
| 2002-03 | 2-3 | 2006-07 | 3.79.3(13) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. | തടസ്സം തുടരുന്നു |
| 2002-03 | 2-4, 2-5, 2-6,2-7 (A,b,c), 3-13, 3-15 | 2006-07 | 5.1.5(14) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. | തടസ്സം തുടരുന്നു |
| പ്രവർത്തനാവലോകനം ജല സ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | തടസ്സം തുടരുന്നു |
| | -- | 2013-14 | 5.1.5(4) | പൊതു കിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല | തടസ്സം തുടരുന്നു |
| -ടി- | -- | 2013-14 | 5.1.5(6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല | തടസ്സം തുടരുന്നു |
| -ടി- | -- | 2013-14 | 5.1.5(10) | കുടിവെള്ളത്തിന്റെ | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. | |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാപഠനം നടത്താതെ കുടിവെള്ള പദ്ധതി ആരംഭിക്കുന്നു. | തടസ്സം തുടരുന്നു |
| | | | | ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു. | തടസ്സം തുടരുന്നു |
| | | | | പൂർത്തീകരിക്കാത്ത പദ്ധതികൾ | തടസ്സം തുടരുന്നു |
| “ | | 2013-14 | 5.1.5.13 | കുടിവെള്ള വിതരണം | തടസ്സം തുടരുന്നു |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവു ചെയ്യുന്നു. | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,14,08,624 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,79,68,918 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,050 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,687 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 10,350 | ശ്രീ. രാജേഷ്.എൻ, അസി.സെക്രട്ടറി |
| 3-1 | | 2,700 | ശ്രീ. ഗോകുൽദാസ്.ടി.എം, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 12,953 | ശ്രീ. ബ്രിജേഷ്.എം, സെക്രട്ടറി |
| 1-25 | 28,734 | ശ്രീ. ബ്രിജേഷ്.എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബ്രിജേഷ്.എം, സെക്രട്ടറി | സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് | എം.വി.ഭവൻ, കുതിരവട്ടം(പി.ഒ), കോഴിക്കോട്-673016 |
| ശ്രീ. രാജേഷ്.എൻ, അസി.സെക്രട്ടറി | സെക്രട്ടറി, തിക്കോടി ഗ്രാമപഞ്ചായത്ത് | ഗൗരീശങ്കരം, മാത്തോട്ടത്തിൽ ഹൗസ്, ഉമ്മളത്തൂർ, വെള്ളിപറമ്പ്(പി. ഒ), കോഴിക്കോട്-673008 |
| ശ്രീ. ഗോകുൽദാസ്.ടി.എം, അസി.സെക്രട്ടറി | അസി. സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | നിയതം, കീഴലത്ത് ഹൗസ്, അത്തോളി, കോഴിക്കോട്-673315 |

| | | |
|---|---|---|
| | | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/ 1072/2018(1)/6.7.19 | 4 | 27, 39, 40, 41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി3/ 1072/2018(2)/6.7.19 | 2 | 30, 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/ 1072/2018(4)/6.7.19 | 9 | 2-1, 2-2, 2-3, 2-4, 2-5,2-6, 2-7, 3-13, 3-15 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/ 1072/2018(6)/6.7.19 | 4 | 2-3, 3-3, 3-4,3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1072/2018(7)/6.7.19 | 10 | 2-16 To 2-22, 2-25, 3-10(3), 3-22 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1072/2018(8)/6.7.19 | 1 | 3-11 |
| 2009-10, | കെ.എസ്.എ.കെ.കെ.ഡി.പി3/ | 3 | 3-13(2), 3-13(3), 3-13 |

| | | | |
|---|---|---|---|
| 2010-11 | 61072/2018(10)/6.7.19 | | (6) |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി3/ 262/15 തീ.14.07.15 | 16 | 1-5, 3-4, 3-5, 3-6, 3-7,3-8, 3-11, 3-15, 3-16,3-17, 3-18, 3-19, 3-20,3-21, 3-23, 4-7 |
| 2012-13, 13-14 | കെ.എസ്.എ.കെ.കെ.ഡി.പി3/ 404/16 തി:15.03.16 | 35 | 2-1 (1 മുതൽ -20 വരെ), 22, 2-1(2), 2-2(1), (2), (5), 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13,3-14, 3-15, 3-16, 3-17, 3-18, 3കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-19, 3-21, 3-22, 3-24,3-25, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1562/17 തി:02.06.17 | 15 | 2-1, 2-2, 3-1,3-2, 3-3, 3-4, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 4-1, 4-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1737/2018(1)/26.6.19 | 16 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-10, 3-20, 3-22, 3-23 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/ | 11 | 3-2, 3-5, 3-7, 3-8, |

| | | | |
|---|---|---|---|
| | 1371/18 തി:23.06.17 | | 3-9, 3-10, 3-15, 3-17, 3-18,3-19, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/ 501/2021 തീ.13.4.21 | 27 | 1-12(1, 2, 4, 5, 6, 8, 9), 2-2(1), 2-3 (1, 2, 3), 2-5,2-6, 2-7, 2-8, 2-9(1), 2-9(2), 2-9(3), 2-10,3-1, 3-2, 3-3, 3-4, 3-5, 3-8,3-9, 3-10,3-14, 3-15,3-17, 3-19, 3-22, 3-23, 3-24, 4-10 |
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി/പി.1/ 502/2021 തീ.17.11.21 | 15 | 1-13, 1-14, 1-16, 1-19, 1-20, 1-21, 1-22, 1-24, 1-25, 1-30, 1-33, 1-34, 3-2, 4-10, 4-11 |
| 2019-20 | നം.കെ.എസ്.എ/കെ.കെ.ഡി/പി.1 /746 /2021 തീ.29.6.21 | 22 | 1-1 , 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22 |
| 2020-21 | നം.കെ.എസ്.എ/കെ.കെ.ഡി/പി.1 /1281 /2022 തീ.16.7.22 | 32 | 1-1 , 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്